# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 356 — 03.02.2020-ൽ മറുപടിക്ക്

## ആറ്റിങ്ങൽ കോയിക്കൽ കൊട്ടാരത്തിന്റെ സംരക്ഷണം

**ചോദ്യം**

**ശ്രീ.ബി.സത്യൻ**

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ആറ്റിങ്ങൽ കോയിക്കൽ കൊട്ടാരം ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് പുരാവസ്തു വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) | ആറ്റിങ്ങൽ കോയിക്കൽ കൊട്ടാരം അതിന്റെ ചരിത്ര പ്രാധാന്യം കണക്കിലെടുത്ത് കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്ക് പ്രസ്തുത സ്മാരകത്തിന്റെ റവന്യൂ വിശദ വിവരം തിരുവനന്തപുരം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ജില്ലാ കളക്ടർ ലഭ്യമാക്കിയ റവന്യൂ വിവരത്തിൽ സ്മാരകത്തിന്റെ വിസ്തീർണ്ണം, അതിർത്തി വസ്തുക്കളുടെ സർവേ നമ്പർ എന്നിവ രേഖപ്പെടുത്തിയിരുന്നില്ല. പ്രസ്തുത വിവരങ്ങൾ കൂടി ഉൾപ്പെടുത്തി പുതുക്കിയ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർക്ക് വീണ്ടും കത്ത് നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാലുടൻ തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | എന്തെല്ലാം പ്രവർത്തനങ്ങളാണ് അവിടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) & (സി) | സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച ശേഷം പ്രസ്തുത നിർമ്മിതിയിൽ സംരക്ഷണ പ്രവർത്തനങ്ങളും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നത് പരിഗണിക്കുന്നതാണ്. |
| (സി) | ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിനെതിരായ ആദ്യ കലാപമായ ആറ്റിങ്ങൽ കലാപത്തിന്റെ ചരിത്രം വിശദമാക്കുന്നതിനുള്ള പദ്ധതികൾ ഇതോടൊന്നിച്ച് നടപ്പാക്കുമോ എന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ